**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607** — **23-02-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മേഖലയിൽ കൂടുതൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മേഖലയിൽ കൂടുതൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദന ശേഷി 29,000 ടണ്ണായി ഉയർത്തിയിട്ടുണ്ട്. 2. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 23,000 ഇലക്ട്രോണിക്ക് റാട്ടുകൾ വിതരണം നടത്തിയിട്ടുണ്ട്. 3. 100 കയർ സഹകരണ സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 4. ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 5. ഉല്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് – മായി ചേർന്ന് കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 6. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെൻഡർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. 7. കയറിന്റെയും കയർ ഉത്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി കയർ കേരള എന്ന പേരിൽ അന്തർ ദേശീയ പ്രദർശന മേള 2017 മുതൽ നടത്തി വരുന്നുണ്ട്. 8. ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുക വഴി തൊഴിലാളികളെ കയർ മേഖലയിൽ നിലനിർത്തുവാനും, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽ ദിവസ വേതനം 500/- രൂപയായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് | (ബി) | കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | | ഒഴിവാക്കുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്) നടപ്പാക്കിയിട്ടുണ്ട്. ചെറുകിട ഉല്പാദക സംഘങ്ങളിൽ നിന്നും കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതികാർക്ക് വിറ്റഴിക്കുന്നതിന് 16% ഡിസ്കൗണ്ടും നൽകി വരുന്നുണ്ട്. കൂടാതെ കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്-മായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്കും, റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്രം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ